(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ-13/1015/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി : 28.07.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
മരിയാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- മരിയാപുരം ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ഐ.ഡി.കെ-13/1015/2017 തീയതി : 28.07.2017

# ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -
വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.08.2016 മുതൽ 14.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.7.2017 മതൽ 21.7.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എം.കെ മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ധനജയൻ ടി എസ്സ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അനീറ്റാ പി സാമുവേൽ | സീ. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഡോളി ജോസ് | 1.4.2016 മുതൽ<br>31.3.2017 വരെ |
| സെക്രട്ടറി | ശ്രീ. എൻ. സുരേന്ദ്രൻ | 1.4.2016 മുതൽ<br>4.8.2016 വരെ |
| | ശ്രീ. രാധാകൃഷ്ണൻ | 5.8.2016 മുതൽ<br>16.8.2016 വരെ |

| | | |
|---|---|---|
| | ശ്രീ. പി. വിനകുമാർ | 17.8.2017 മുതൽ 31.3.2017 വരെ |
| അസ്സി. എഞ്ചിനിയർ | ശ്രീ.ബിനു കെ.വി | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സൗമ്യ | 1.4.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഷീൻ ജോൺസ് | 1.3.2016 മുതൽ 31.8.2016 വരെ |
| | ശ്രീ.ഐ.വി.കോശി | 1.9.2016 മുതൽ 22.9.2016 വരെ |
| | ശ്രീമതി. റാണി ജേക്കബ് | 23.9.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. മേരിക്കുട്ടി മൈക്കിൾ | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ | ശ്രീ. ഫൈസൽ പി. വി | 1.4.2016 മുതൽ 17.8.2016 വരെ |
| | ശ്രീമതി. ജോബിഷ ജോസഫ് | 18.8.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീ. ഷിബുമോൾ മോഹൻ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ദിലീപ് വർഗ്ഗീസ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അമ്പിളി എം.കെ. | 1.4.2016 മുതൽ 15.5.2016 വരെ |
| | ഡോ. സൂര്യമോൾ വി.എസ് | 16.5.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജീന മേരി വർഗ്ഗീസ് | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. കെ.ഓമനക്കുട്ടൻ | 1.4.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക സംബന്ധിച്ച അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല. | 2-1 |
| | ഭാഗം 3 | |
| 14 | മിനി ഡാം ഇറിഗേഷൻ പദ്ധതി - കുഴൽകിണറിൽ ഇട്ട പൈപ്പിന് മണ്ണിൽ കുഴിച്ചിട്ടതിന്റെ നിരക്ക് നൽകി | 3-1 |
| 15 | സർക്കാർ സ്കൂളിന് അറ്റകുറ്റപ്പണി നടത്തുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നില്ല. | 3-2 |
| 16 | തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും | 3-3 |
| 17 | പെൻഷൻ അംശദാനം ഒടുക്കാത്തത് | 3-4 |
| 18 | വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-5 |
| | ഭാഗം 4 | |
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 17.3.2017 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് ₹90906798/- (മുന്നിരിപ്പ് ₹944099/- ഉൾപ്പെടെ) ആകെ ചെലവ് ₹88209103/- നീക്കിയിരിപ്പ് ₹2697695/- എന്നിങ്ങനെയാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 7.6.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം - 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4554886.82 |
| വരവ് | 26593674.00 |
| ആകെ | 31148560.82 |
| ചെലവ് | 27479033.00 |
| നീക്കിയിരിപ്പ് | 3669527.82 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം (%) |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (*) | 7561394 | 5343536 | 70.7 |
| വികസനഫണ്ട് എസ്.സി.പി. | 928485 | 228550 | 24.6 |
| വികസനഫണ്ട് ടി.എസ്.പി. | 119901 | 78100 | 65.1 |
| സംരക്ഷണഗ്രാന്റ് റോഡ് | 3982992 | 2827316 | 70.98 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 1699191 | 66.51 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4240645 | 2990347 | 70.51 |
| ലോക ബാങ്ക് | 2398372 | 592556 | 24.7 |
| ബി ഫണ്ട് | 15033920 | 15033920 | 100 |

| | | | |
|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് (**) | 37511601 | 37397583 | 99.69 |

(*)ബജറ്റ് വിഹിതം – ₹6089000/-

അഡീഷണൽ അലോട്ട്മെന്റ് – ₹1472603 [ജി.ഒ.(ആർ.റ്റി)നം.3461/17 തീയതി 16.1.2017]

(**) ഇ.എഫ്.എം.എസ്. പ്രകാരമുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 94 | 29122349 | 56 | 15499256 | 34 | 4 | 59.6 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-7 തനത് വരുമാനം

തനത് വരുമാനത്തിൽ സ്ഥാപനത്തിന് 79.36 % ന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1413142 | 2594510 | 1181368 | (+) 83.60 |
| നികുതിയേതര വരവുകൾ | 242857 | 337359 | 94502 | (+) 38.91 |
| മറ്റു വരവുകൾ | 12042 | 60085 | 48043 | (+) 398.97 |
| ആകെ | 1668041 | 2991954 | 1323913 | (+) 79.36 |

വസ്തു നികുതി ഉൾപ്പെടെയുള്ള നികുതി നികുതിയേതര വരവുകളിൽ ഗ്രാമപഞ്ചായത്തിനുള്ള പുരോഗതി അഭിനന്ദനാർഹമാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം (*) | 24240 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 2468520 | 2720 |
| വിധവാപെൻഷൻ | 3490020 | 2020 |
| വാർദ്ധക്യകാലപെൻഷൻ | 7452415 | 7615 |
| വികലാംഗപെൻഷൻ | 1354115 | 1815 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 57530 | 130 |

| | | |
|---|---|---|
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

(*) 36 ഗുണഭോക്താക്കൾക്കായി ലഭിച്ച തുക ₹31320/- തന്നെയാണ് വാർഷിക കണക്കുകൾ പ്രകാരം വിതരണം ചെയ്തതായും കാണിച്ചിരിക്കുന്നത്. 26 ഗുണഭോക്താക്കൾക്കായി ₹24240/-യാണ് യഥാർത്ഥത്തിൽ വിതരണം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾ കൈപ്പറ്റാത്ത ₹7080/- മുരിക്കാശേരി സബ് ട്രഷറിയിൽ 11/9.9.2016 ചെലാൻ പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1524/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകൾ എന്നിവ സൂക്ഷിക്കുന്നത് തൃപ്തികരമായാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.5.2017 മുതൽ 24.5.2017 വരെ | 1/2017 മുതൽ 3/2017 വരെ | 24.6.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.6.2011 | 2009-10 | 16.12.2011 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. എൻ.ആർ,ഇ.ജി.എസ് – ഇ.എഫ്.എം.എസ് പ്രകാരമുള്ള തുകകൾ, വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ട്രഷറി അക്കൌണ്ടുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് | AFS പ്രകാരം ബാലൻസ് | നിലവിലെ അവസ്ഥ |
|---|---|---|
| സാക്ഷരത അക്കൗണ്ട്, UBI ചെറുതോണി | 2095.66 | പ്രവർത്തനരഹിതം |
| STOപൈനാവ് | 5000 | അക്കൗണ്ട് നിലവിലില്ല. |
| STO തൊടുപുഴ | 14889 | “ |

സ്ഥാപനത്തിന്റെ പ്രവർത്തനരഹിതമായ സാക്ഷരത അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ നിലവിലില്ലാത്ത രണ്ട് ട്രഷറി അക്കൗണ്ടുകൾ

വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ പരിശോധനയിൽ വ്യക്തമാക്കിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2016-17 വർഷം ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനം (സ്ഥലം ഉടമസ്ഥന്റെ പേര്) | വർഷം | നികുതി |
|---|---|---|---|---|
| 1 | 7/309 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2016-17 | 34142.00 |
| 2 | 9/285 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2016-17 | 34021.00 |

വസ്തു നികുതി കാലഹരണപ്പെട്ട് പോകാതെ മൊബൈൽ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മിനി ഡാം ഇറിഗേഷൻ പദ്ധതി - കുഴൽകിണറിൽ ഇട്ട പൈപ്പിന് മണ്ണിൽ കുഴിച്ചിട്ടതിന്റെ നിരക്ക് നൽകി - നഷ്ടം ₹ 4750/-

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 11/16 |
| അളവ് ബുക്ക് നമ്പർ | 43/15-16 |
| കൺവീനർ | സിബി മാത്യു |
| ബിൽ നമ്പർ | 31/31.3.17/ ₹ 91184/- |
| അടങ്കൽ | ₹ 150000/- |

2015-2016 വർഷം ആരംഭിച്ച മിനി ഡാം ഇറിഗേഷൻ പദ്ധതിക്ക് 2015-2016 വർഷം ബിൽ നമ്പർ 29/30.12.15 പ്രകാരം ₹42950/- ചെലവഴിച്ചിട്ടുണ്ട്. 2016-2017 വർഷം ₹91184/- ചെലവഴിച്ചിരിക്കുന്നു. 30.9.2015 ൽ കൺവീനറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 30.12.15 -ൽ നിലവിലുള്ള 2012- ലെ പൊതുമരാമത്ത് നിരക്കാണ് കരാറിന് ബാധകമായിട്ടുള്ളത്. അളവു ബുക്ക് ഇനം 3 പ്രകാരം 32 എം.എം പി വി സി പൈപ്പ് കുഴൽകിണറിന്റെ ഉള്ളിൽ 140 മീറ്ററും പുറത്ത് 164.25 മീറ്റർ വിതരണ ലൈനും ചേർത്ത് 304.25 മീറ്റർ സ്ഥാപിച്ചതിന് ₹80.60/മീറ്റർ നിരക്കിൽ ₹24522.55 കൺവീനർക്ക് നൽകിയിട്ടുണ്ട്. ഈ നിരക്ക് ട്രെഞ്ച് എടുത്ത് പൈപ്പ് ഇടുന്നതിനുള്ളതാണ്. കുഴൽകിണറിന്റെ ഉള്ളിൽ 140 മീറ്റർ പൈപ്പ്

ഇട്ടതിന് ട്രെഞ്ചിംങ് ഇല്ലാത്തതിനാൽ ഈ നിരക്ക് അനുവദനീയമല്ല. അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് | തുക |
|---|---|---|
| 0.50 ഫിറ്റർ | 524.40 | 262.20 |
| 0.5 പുരുഷൻ | 433.55 | 216.78 |
| 30 മീറ്റർ 32 എം.എം പി.വി.സി പൈപ്പ് | 29/മീറ്റർ | 870.00 |
| 5 % സ്പെഷ്യൽസ് | 43.50 | 43.50 |
| എൽ.എസ് ക്ലാമ്പ്, വൈറ്റ് ലെഡ്, etc.... | 7.75 | 7.75 |
| ആകെ | | 1400.23/30 മീറ്റർ |
| അതായാത് | | ₹46.67/മീറ്റർ |

ട്രഞ്ചിംഗ് ഇല്ലാതെ 32 എം.എം പി.വി.സി പൈപ്പ് ഇടുന്നതിന് മീറ്ററിന് ₹ 46.67 ആണ് അനുവദനീയമായിട്ടുള്ളത്. അളവുബുക്ക് പേജ് 2,6 എന്നിവ പ്രകാരം 140 മീറ്റർ പൈപ്പ് കുഴൽകിണറിന്റെ ഉള്ളിൽ ഇട്ടതിന് ട്രഞ്ചിംഗ് ഉൾപ്പെടെയുള്ള ₹ 80.06/മീറ്റർ നിരക്കാണ് നൽകിയിരിക്കുന്നത്. ഈ ഇനത്തിൽ താഴെ പറയും പ്രകാരം ₹ 4750/- പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| അനുവദിക്കാവുന്ന നിരക്ക്/തുക | | | നൽകിയ നിരക്ക്/തുക | അധികം നൽകിയത് (₹) |
|---|---|---|---|---|
| ഇനം | അളവ് | നിരക്ക് | | |
| 32 എം.എം പി,വി.സി പൈപ്പ് - ട്രഞ്ചിംഗ് ഇല്ലാതെ | 140 മീറ്റർ | 46.67/മീറ്റർ<br>₹ 6533.80/- | 140 മീറ്റർ @ 80.60/മീറ്റർ<br>₹ 11284/- | 4750.2 |

അധികം നൽകിയ ₹4750/- ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 സർക്കാർ സ്കൂളിന് അറ്റകുറ്റപ്പണി നടത്തുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നില്ല.

കരിമ്പനിലുള്ള ഗവൺമെന്റ് എൽ പി സ്കൂൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തു മൂലം നാശോൻമുഖമായിക്കൊണ്ടിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ അവഗണിക്കപ്പെട്ട അവസ്ഥയിലാണ് നാടിന് അഭിമാനമായി മാറേണ്ട ഈ പ്രാഥമിക വിദ്യാലയം. നൂറു കണക്കിന് സാധാരണക്കാരായ കുട്ടികൾക്ക് അറിവു പകർന്നു നൽകിയ ഈ സ്ഥാപനത്തിൽ ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളിലായി ഇപ്പോൾ കേവലം മുപ്പതു വിദ്യാർത്ഥികൾ മാത്രമാണ് അദ്ധ്യയനം നടത്തുന്നത്. സർവസജ്ജമായ നിരവധി സ്വകാര്യ സ്കൂളുകൾ സമീപപ്രദേശങ്ങളിൽ ഉള്ളപ്പോൾ കുടിവെള്ളം

പോലും ലഭ്യമല്ലാത്ത ഈ സ്കൂളിലേക്ക് കുട്ടികളെ അയ്ക്കുവാൻ രക്ഷിതാക്കൾ വിമുഖത കാണിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. പാചകപ്പുര ഇല്ലാത്തതിനാൽ ഓഫീസ് മുറിയോട് ചേർന്നതന്നെയാണ് ഭക്ഷണം തയ്യാറാക്കുന്നത് എന്നത് ഞെട്ടൽ ഉളവാക്കുന്നതാണ്. ചുറ്റുമതിലും ഗേറ്റും ഇല്ലാത്തതിനാൽ സാമൂഹ്യവിരുദ്ധർ അതിക്രമിച്ചു കടക്കുവാനുള്ള സാധ്യതയുമുണ്ട്. വർഷങ്ങൾക്ക് മുമ്പ് രണ്ടു കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയെങ്കിലും ആവശ്യമായ വയറിംഗ് നടത്തിയിട്ടില്ല. കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് മേശ ഇല്ലാത്തതിനാൽ ഇവ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. സംരക്ഷണ ഗ്രാന്റ് (റോഡ് ഇതരം) 10 ലക്ഷത്തോളം രൂപയും പദ്ധതി വിഹിതം (പൊതു വിഭാഗം) 25 ലക്ഷത്തോളം രൂപയും വിനിയോഗിക്കാതെ പാഴാക്കി കളഞ്ഞിടത്താണ് ഇങ്ങനെ സംഭവിച്ചത് എന്നത് ഗൗരവമായി കാണേണ്ടതുണ്ട്. (വിവിധ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച വിശദാംശംങ്ങൾക്ക് ഖണ്ഡിക 1-5 കാണുക) പൊതു വിദ്യാഭ്യാസ മേഖലക്ക് പരമാവധി സംരക്ഷണവും പ്രോത്സാഹനവും നൽകാൻ സർക്കാർ ശ്രമിക്കുമ്പോൾ കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിക്കേണ്ട ഈ പൊതുവിദ്യാലയം നാശോൻമുഖമായിക്കൊണ്ടിരിക്കുന്നത് ഭരണ സംവിധാനത്തിന്റെ കെടുകാര്യസ്ഥതയാണ് വ്യക്തമാക്കുന്നത്. വിവിധ തലങ്ങളിലുള്ള ജനപ്രതിനിധികളുടെ സഹകരണത്തോടെ ഈ പൊതുവിദ്യാലയം മികവിന്റെ കേന്ദ്രമായ ഒരു ഹൈടെക് സ്കൂളായി മാറ്റിയെടുക്കുവാൻ ആവശ്യമായ പദ്ധതി ആസൂത്രണം ചെയ്യേണ്ടതിന്റെ അടിയന്തിര പ്രാധാന്യം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-3 തെരുവുവിളക്കുകളുടെ സംരക്ഷവും അറ്റകുറ്റപ്പണിയും

തെരുവു വിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും സ്ഥാപന അധികാരികളുടെയും ജനപ്രതിനിധികളുടെയും മേൽ നോട്ടത്തിലാണ് നടത്തപ്പെടേണ്ടത്. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്/സംരക്ഷണം ഇനത്തിൽ സ്ഥാപനം 2016-17 വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തെരുവുവിളക്കുകളുടെ എണ്ണം | വൈദ്യുതി ചാർജ് തുക | അറ്റകുറ്റപ്പണി |
|---|---|---|
| ലഭ്യമല്ല. (സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.) | ₹100954/- | ₹82999/- |

തെരുവുവിളക്ക് അറ്റകുറ്റപ്പണിക്കായി 20 watt-ന്റെ പുതിയ എൽ.ഇ.ഡി.ലൈറ്റുകൾ 20എണ്ണം വാങ്ങിയവകയിൽ ₹82999/-ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത വിളക്കുകൾ വാർഡ് മെമ്പർമാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ വിളക്കുകൾ സ്ഥാപിച്ചതായി KSEB സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തെരുവ് വിളക്കകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ സ്ട്രീറ്റ് ലൈറ്റുകളുടെ ഇനം തിരിച്ചുള്ള കണക്ക് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കെ.എസ്.ഇ.ബി യുടെ കണക്കുപ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ കറണ്ട്ചാർജ് ഡിമാന്റ് നോട്ടീസ് പ്രകാരം തുക അടയ്ക്കുകയാണ് ചെയ്യുന്നത്. സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ കറണ്ട്ചാർജ് നിർണ്ണയിക്കുന്നത് എന്ന് വ്യക്തമല്ല.

കെ.എസ്.ഇ.ബി യും പഞ്ചായത്തും സംയുക്തപരിശോധന നടത്തി നിലവിൽ പ്രവർത്തിക്കാത്ത വിളക്കുകളുടെ വിവരങ്ങൾ ഇതുവരെ ശേഖരിച്ചിട്ടില്ല. സ്ഥാപനപരിധിയിൽ 5 highmast ലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധനടത്തി വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കുകയും അവയുടെ താരിഫ് അനുസരിച്ചാണോ കറണ്ട് ചാർജ് ഈടാക്കുന്നതെന്ന് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വൈദ്യുതിബില്ലിന്റെ കൃത്യത പൂർണ്ണമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 3-4 <u>പെൻഷൻ അംശദാനം ഒടുക്കാത്തത്</u>

ജി.ഒ.(പി)1/97/ത.സ്വ.ഭ.വ./1/1/97 പ്രകാരം ജീവനക്കാരുടെ പ്രതിമാസമൊത്ത വേതനത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ ആയി അടയ്ക്കേണ്ടതാണ്.

സർക്കുലർ നമ്പർ എഫ്.3/26572/03/17.11.13 പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പ്രകാരം ശമ്പളം മാറുന്ന ദിവസമോ, 5ാം തീയതിക്ക് മുൻപോ പെൻഷൻ കോൺട്രിബ്യൂഷൻ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലുമുള്ള വീഴ്ച മൂലം ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാമെന്നും മേൽഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. 2016 ഡിസംബർ മുതൽ 2017 മാർച്ച് വരെയുള്ള, ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ട്രഷറിയിൽ അടച്ചിട്ടില്ല.

വിശദാംശം താഴെ ചേർക്കുന്നു.

| മാസം | അടയ്ക്കേണ്ടതുക |
|---|---:|
| ഡിസംബർ 2016 | 44420 |
| ജനവരി 2017 | 39584 |

| | |
|---|---|
| ഫെബ്രുവരി 2017 | 39605 |
| മാർച്ച് 2017 | 44532 |
| ആകെ | 168141 |

പെൻഷൻ അംശദാനം ഇനത്തിൽ ഒടുക്കാൻ ബാക്കിയുള്ള തുക എത്രയും വേഗം ഒടുക്ക് വരുത്തേണ്ടതാണ്.

## 3-5 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു വിവിധ സർക്കാർ ഏജൻസികൾക്ക് തുകകൾ കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത മരുന്നുകൾ വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സി, ആയുർവ്വേദ ഡിസ്പൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയിലെ മെഡിക്കൽ ഓഫീസർമാർ മുഖേന നടപ്പാക്കിയ ഈ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ,പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | ബിൽ.നം.തീയതി,തുക | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം ₹ | വിതരണം ചെയ്യാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം ₹ |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി<br>മരിയാപുരം<br>എസ്.78/17<br>പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 3/16-17/18.03.17<br>100000/- | ഇല്ല | 100000/- |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി<br>എസ്.76/17<br>പാലിയേറ്റീവ് കെയർ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 2/16-17/<br>11.11.16<br>100000/- | ഇല്ല | 100000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ<br>എസ്.31/17<br>ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | ഹോംകോ, ആലപ്പുഴ | 4/16-17/<br>27.02.17<br>50000 | ഇല്ല | 50000/- |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ഹോമിയോ<br>എസ്.32/17<br>എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ | ഹോംകോ, ആലപ്പുഴ | 5/16-17/<br>04.03.17 50000 | ഇല്ല | 50000/- |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം<br>എസ്.86/17<br>ഉപ്പുതോട് ഗവൺമെന്റ്ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ | ഔഷധി, തൃശ്ശൂർ | 1/16-17/<br>22.11.16 200000 | 243184 | 41816 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം<br>എസ്.74/17<br>ഡബിൾകട്ടിംഗ് ആയുർവ്വേദ മൊബൈൽ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ | ഔഷധി, തൃശ്ശൂർ | 2/16-17/<br>13.02.17 85000/- | | |
| | ആകെ | | | 341816 |

ആവശ്യപ്പെട്ടിരുന്ന മരുന്നുകൾ നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ, ക്രമീകരിക്കാൻ ശേഷിക്കുന്ന ₹341816/- ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ. എം. എസ് ഭവന പദ്ധതി | ജി ഒ(എം.സ്)1045/2010 എൽ.എസ്.ജി.ഡി തീയതി 27.03.2010 | 7950000 | 2630000 | 586800 | 2043200 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 26593674.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27479033.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 341816 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 4750 | ശ്രീ.ബിനു കെ.വി, അസി. എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 200000 | ഡോ.ദിലീപ് വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ<br>(അലോപ്പതി) |
| | 100000 | ശ്രീമതി. സൂര്യമോൾ വി.എസ്,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| | 41816 | ഡോ.ജീന മേരി വർഗ്ഗീസ്<br>മെഡിക്കൽ ഓഫീസർ (ആയുർവേദം), |
| ആകെ | 341816 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>
ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിനു കെ.വി, | അസ്സിസ്റ്റന്റ് എഞ്ചിനീയർ | കുനമ്മാക്കൽ വീട്<br>അരിവിളംചാൽ പി.ഒ.<br>ശാന്തൻപാറ<br>പിൻ.685619, |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | റിമാർക്സ് |
|---|---|---|

| | വിവരം | |
|---|---|---|
| 1976-77 | എൽ എഫ് ഐ-5/1998/4.5.1998 | അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 1977-78 | എൽ എഫ് ഐ-5/1025/82/ 20.1.1998 | |
| 1980-81 | എൽ എഫ് ഐ-5/191/98/4.5.1998 | |
| 1981-82 | എൽ എഫ് ഐ-5/874/86/ 12.11.1987 | |
| 1982-83 | എൽ എഫ് ഐ-5/100/91/ 12.12.1991 | |
| 1983-84 | എൽ എഫ് ഐ-5/100/91(2)/ 27.12.1991 | |
| 1984-85 | എൽ എഫ് ഐ-5/100/91(3)/ 27.12.1991 | |
| 1985-86 | എൽ എഫ് ഐ-5/100/91(4)/ 27.12.1991 | |
| 1986-87 | എൽ എഫ് ഐ-5/223/91/ 12.10.1992 | |
| 1987-88 | എൽ എഫ് ഐ-5/391/93/ 22.5.1995 | |
| 1988-89 & 1989-90 | എൽ എഫ് ഐ-5/69/93/22.6.1993 | |
| 1990-91& 1991-92 | എൽ എഫ് ഐ-5/5/94/18.4.1994 | |
| 1992-93 1993-94 | എൽ എഫ് ഐ-5/520/95/ 25.3.1996 | |
| 1994-95 | എൽ എഫ് ഐ-5/283/96/8.8.1996 | |
| 1995-96 | എൽ എഫ് ഐ-5/405/99/7.9.1999 | |
| 1996-97 | എൽ എഫ് ഐ-9/300/96/7.8.1998 | |
| 1997-98 | എൽ എഫ് ഐ-9/28/2000/ 22.5.2000 | |
| 1998-99 | എൽ എഫ് ഐ-9/410/2000/ 8.2.2001 | |

| | |
|---|---|
| 1999-2000 | എൽ എഫ് ഐ-9/292/2001/ 12.7.2001 |
| 2000-2001 | എൽ എഫ് ഐ-9/526/2002/ 9.10.2002 |
| 2001-2002 | എൽ എഫ് ഐ-9/13/04/10.1.2005 |
| 2002-2003 | എൽ എഫ് ഐ-9/527/04/ 10.1.2005 |
| 2003-2004 | എൽ എഫ് ഐ-10/108/06/ 22.7.2006 |
| 2004-2005 | എൽ എഫ് ഐ-10/947/2007/ 9.6.2008 |
| 2005-2006 | എൽ എഫ് ഐ-10/948/2007/ 11.6.2008 |
| 2006-2007 | എൽ എഫ് ഐ-10/594/09/ 8.7.2010 |
| 2007-2008 | എൽ എഫ് ഐ-13/149/2010/ 6.1.2011 |
| 2008-2009 | എൽ എഫ് ഐ-13/782/2011/ 2.4.2011 |
| 2009-10 | എൽ എഫ് ഐ-13/783/2011/ 2.11.2011 |
| 2010-2011<br>2011-2012 | എൽ എഫ് ഐ-13/1314/2012/ 4.3.2013 |
| 2012-13<br>2013-14 | എൽ എഫ് ഐ-13/1342/2014/ 15.12.2014 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 13/146/2016/ 31.3.2016 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ 13/1234 /2016/ 31.08.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ-13/1015/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം ഇടുക്കി
തിയതി.28.07.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-2017 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ മരിയാപുരം ഗ്രാമപഞ്ചായ ത്തിന്റെ 2016-2017 ലെ വാർഷിക ധനകാര്യ പത്രിക , വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# AUDIT CERTIFICATE

No.KSA-IDK-13/1015/2017

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE,IDUKKI

DATED.28.07.2017

Certified that I have audited the Annual Financial Statement of Mariyapuram Grama Panchayath in Idukki district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Mariyapuram Gama Panchayath for the year 2016-2017 except the observations in my audit report properly presents the picture of income and expenditure.

Deputy Director